3. ടോൾ പ്ലാസയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഉപരോധ സമരം തൽക്കാലത്തേക്ക് നിർത്തി വെയ്ക്കുന്നതിന് മുളവുകാട് സംരക്ഷണ സമിതി പ്രതിനിധികളോട് ബഹുമാനപ്പെട്ട എം.എൽ.എ. അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

(സി) 1. റോഡ് പണിയുടെ കരാറുകാരനെക്കൊണ്ട് കൾവെർട്ടുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

2. ടോൾ പ്ലാസ നിർമ്മാണത്തിന്റെ തടസ്സപ്പെട്ട ജോലികൾ പുനരാരംഭിച്ചിട്ടുണ്ട്.

3. അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിന് വല്ലാർപാടം പാലത്തിനു സമീപമുള്ള പാർക്കിംഗ് സ്ഥലത്ത് കണ്ടെയ്നർ ലോറി പാർക്ക് ചെയ്യുന്നതിനുള്ള നടപടി കൊച്ചിൻ പോർട്ട് ട്രസ്റ്റാണ് സ്വീകരിക്കേണ്ടത്. ഇതിനുള്ള പ്രാരംഭ നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്.

പൊതുമേഖലാ ബാങ്കുകളുടെ നിക്ഷേപാനുപാതം

70 (T* 4404) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ ബാങ്കുകളുടെ സംസ്ഥാനത്തെ നിക്ഷേപാനുപാതം സംബന്ധിച്ച കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ ; കേരളത്തിന്റെ വായ്പാ നിക്ഷേപ അനുപാതം അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണോ ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ ; ബാങ്ക് വായ്പകൾക്ക് മതിയായ ചോദനം ഇല്ലാതായിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ബി) പ്രവാസി നിക്ഷേപം എത്രയാണെന്ന് ഏറ്റവും ഒടുവിലത്തെ കണക്കുകളെ ആധാരമാക്കി വിശദമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷത്തെ വാണിജ്യ ബാങ്കുകളുടെ വായ്പാനിക്ഷേപ അനുപാതം ഇപ്രകാരമാണ്:

As on	CD Ratio
March 2010	67.63
March 2011	75.50
March 2012	75.57
March 2013	76.41
March 2014	68.66
March 2015	68.37

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ നിക്ഷേപ അനുപാതം മാർച്ച് 2015-ലെ കണക്കുപ്രകാരം അഖിലേന്ത്യാ നിക്ഷേപാനുപാതത്തേക്കാൾ കുറവാണ്. മാർച്ച് 2015-ൽ അഖിലേന്ത്യാ വായ്പാ നിക്ഷേപ അനുപാതം 77.4 ആയിരുന്നു. കാലാനുസൃതമായിട്ട് വായ്പാ വളർച്ചാ നിരക്ക് സംസ്ഥാനത്ത് വർദ്ധിക്കുന്നില്ല. അതിനുള്ള കാരണം വിദേശ മലയാളികളുടെ കേരളത്തിലേക്കുള്ള വർദ്ധിച്ച നിക്ഷേപമാണ്.

(ബി) പ്രവാസി നിക്ഷേപം മാർച്ച് 2015-ൽ വാണിജ്യ ബാങ്കുകൾക്ക് 1,09,603 കോടി രൂപയാണ്.

സ്പോർട്സ് ക്വാട്ട നിയമനം

* 71 (4405) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ടയിൽ ഓരോ ജില്ലയിലും എത്ര സ്പോർട്സ് താരങ്ങളെ ജോലിക്ക് എടുത്തിട്ടുണ്ടെന്ന് ഓരോ വർഷം തിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ ഇനങ്ങളിലാണ് പ്രസ്തുത സ്പോർട്സ് താരങ്ങളെ നിയമിച്ചിട്ടുള്ളതെന്ന് പേര്, അഡ്രസ്സ് സഹിതം വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ ഓരോ വർഷവും ജോലിക്ക് എടുക്കുന്ന സ്പോർട്സ് താരങ്ങളുടെ എണ്ണം തീരെ കുറവാണെന്നുള്ള വസ്തുത വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) വളരെ നല്ല കായിക താരങ്ങൾ സ്പോർട്സ് ആന്റ് ഗെയിംസിൽ സംസ്ഥാനത്ത് ഉള്ളതിനാൽ ഇവരെ അന്യസംസ്ഥാനങ്ങളിലേക്ക് വിടാതിരിക്കാൻ ഓരോ കൊല്ലവും എടുക്കുന്ന സ്പോർട്സുകാരുടെ എണ്ണം കൂട്ടുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ സ്പോർട്സുകാർക്ക് ജോലിക്ക് അവസരം കൊടുക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006-2008, 2009 കാലയളവിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകേണ്ട 110 ഒഴിവുകളിൽ യഥാക്രമം 2-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 134/2012/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 101 കായികതാരങ്ങൾക്കും, 28-9-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 257/2012/പൊ.ഭ.വ. പ്രകാരം 2 പേർക്കും, 22-8-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 231/2014/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഒരാൾക്കും, 21-4-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 117/2015/പൊ.ഭ.വ. ഉത്തരവ് പ്രകാരം 4 പേർക്കും

LIBRARY ARCHIVES Kerala Legislative Assembly